# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4340**     **12-11-2019-ൽ മറുപടിക്ക്**

### വൈക്കം നിയോജകമണ്ഡലത്തിൽ പെപ്പർ ടൂറിസം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി സി.കെ. ആശ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പെപ്പർ ടൂറിസം പദ്ധതിക്ക് അനുവദിച്ചതും ഇതുവരെ ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | 2017-18 സാമ്പത്തിക വർഷമാണ് "പെപ്പർ" (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം) ടൂറിസം പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചതും പൈലറ്റ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ വൈക്കം താലൂക്കിനെ തെരഞ്ഞെടുത്ത് ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചതും. ആദ്യഘട്ടത്തിൽ 8 തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളെയാണ് (വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, മറവന്തുരുത്ത്,ടി വി പുരം, ഉദയനാപുരം, കല്ലറ, വെച്ചൂർ, തലയാഴം എന്നീ പഞ്ചായത്തുകൾ) പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പദ്ധതി ഉത്ഘാടനം, പഞ്ചായത്തുകളിലെ സ്പെഷ്യൽ ടൂറിസം ഗ്രാമ സഭകൾ, റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, അതിനാവശ്യമായ ഹൈറെസല്യൂഷൻ |

| | | | |
|---|---|---|---|
| | | | ഫോട്ടോകൾ, സ്റ്റേക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ്, പരിശീലനങ്ങൾ, റിസോഴ്സ് ഡയറക്ടറി പ്രസിദ്ധീകരണം, ഡോക്യുമെന്റേഷൻ, എന്നിങ്ങനെ ആദ്യ ഘട്ടത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി 2000000/- രൂപയാണ് വകയിരുത്തിയിരുന്നത്.<br><br>രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട വെള്ളൂർ, തലയോലപ്പറമ്പ് ഉൾപ്പെടെ 10 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ റിസോഴ്സ് ഡയക്ടറികളുടെ കരട് പഞ്ചായത്തുകളുടെയും, പൊതുജനങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കുമായി ആർ.ടി. മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനുവദിച്ച 2000000/- രൂപയിൽ റിസോഴ്സ് ഡയറക്ടറി പ്രസിദ്ധീകരണത്തിന് ഒഴികെയുള്ള തുക 1700000/- രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. 2019 ഡിസംബർ ആദ്യ വാരത്തിൽ റിസോഴ്സ് ഡയറക്ടറി പ്രസിദ്ധീകരണവും നടത്തുന്നതായിരിക്കും.<br><br>2018-19 സാമ്പത്തിക വർഷം ആരംഭിച്ച രണ്ടാം ഘട്ടത്തിൽ വെള്ളൂർ, തലയോലപ്പറമ്പ് പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പഞ്ചായത്തുകളിലെ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ, റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, അതിനാവശ്യമായ ഹൈറെസല്യൂഷൻ |

| | | | |
|---|---|---|---|
| | | | ഫോട്ടോസ്, സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയാണ് രണ്ടാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ. ഇതിനായി അനുവദിച്ച ആകെ തുക 6,52,359/- രൂപയാണ്. അനുവദിച്ച തുകകളുളളിൽ ഈ പ്രവർത്തനങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. |
| (ബി) | വൈക്കത്ത് നടപ്പിലാക്കുന്ന പെപ്പർ ടൂറിസം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | വൈക്കം പ്രദേശത്തെ 'പെപ്പർ' പദ്ധതി ആദ്യ രണ്ടു ഘട്ടങ്ങൾ പൂർത്തിയാക്കി മൂന്നാം ഘട്ടത്തിൽ എത്തി നിൽക്കുകയാണ്. ഗ്രാമസഭകളിൽ വിവിധ പദ്ധതി നിർദേശങ്ങൾ ഉയർന്നു വന്നെങ്കിലും അവ പദ്ധതികളായി സമർപ്പിക്കുക, പദ്ധതി നിർവഹണത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങളും മറ്റും നൽകുക തുടങ്ങിയ കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ച സ്ഥലങ്ങൾ കോട്ടയം ജില്ലാ ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പ്രൊജക്റ്റ് എഞ്ചിനീയർ, സ്റ്റേറ്റ് ആർ.ടി. മിഷൻ കോ-ഓർഡിനേറ്റർ എന്നിവർ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. തദ്ദേശവാസികകൾക്ക് ആവശ്യമായ പരിശീലങ്ങൾ നൽകുന്നതിനും, പദ്ധതിയുടെ ഭാഗമായി നിലവിൽ വന്നിരിക്കുന്ന യൂണിറ്റുകളെ പൂർണമായും ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | പെപ്പർ ടൂറിസം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ഒരു പ്രദേശത്തിന്റെ ടൂറിസം വളർച്ചയിൽ തുടക്കം മുതലേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശവാസികൾ, ജനപ്രതിനിധികൾ എന്നിങ്ങനെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാദിത്ത പൂർണമായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടു വരിക, ടൂറിസത്തിലൂടെ തദ്ദേശവാസികൾക്ക് അനുയോജ്യമായ തൊഴിലും വരുമാനവും ഉറപ്പു വരുത്തുക, അന്യംനിന്നു പോയേക്കാവുന്ന കല, സാംസ്കാരിക പ്രവർത്തനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയെല്ലാം ടൂറിസത്തിലൂടെ നില നിർത്തുക, പുനരുജ്ജീവിപ്പിക്കുക, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം എന്നിവയെല്ലാം 'പെപ്പർ' പദ്ധതിയുടെ ഉദ്ദേശ്യങ്ങളാണ്. |

**സെക്ഷൻ ഓഫീസർ**